നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 നവംബർ വാല്യം 1
ഓൺലൈൻ വായനയ്ക്ക്
41

# കേരളപ്പിറവിദിനത്തിൽ ഹരിതപ്രഖ്യാപനങ്ങൾ നടത്തി സംസ്ഥാനം

ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള മാതൃകാ ഹരിത പ്രഖ്യാപനങ്ങൾ സംസ്ഥാനത്ത് കേരളപ്പിറവിദിനത്തിൽ നടന്നു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത ടൗണുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ, കലാലയങ്ങൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവയാണ് ഹരിത പദവിയിലേക്ക് എത്തിയത്. 2024 നവംബർ 1 ന് 50766 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിച്ചു. 18232 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായും, 903 ടൗണുകളെ ഹരിത ടൗണുകളായും പ്രഖ്യാപിച്ചു. 6952 വിദ്യാലയങ്ങളാണ് ഹരിത വിദ്യാലയ പദവിയിലെത്തിയത്. 537 പൊതുസ്ഥലങ്ങളെയും 458 കലാലയങ്ങളെയും ഹരിതമായി പ്രഖ്യാപിച്ചു. 68 വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചത്.

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ കേരളപ്പിറവി ദിനത്തിൽ നടന്ന പ്രഖ്യാപന ചടങ്ങിന് മന്ത്രിമാർ, എം.എൽ.എ. മാർ, ജനപ്രതിനിധികൾ തുടങ്ങിയവർ നേതൃത്വം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ട്, ക്ലീൻ കേരള കമ്പനി, കില, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ ഏകോപനത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ക്യാമ്പയിൻ കേരളം ഏറ്റെടുത്തിരിക്കുന്നത്. 2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ 2025 മാർച്ച് 30 (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) വരെയാണ് ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുക.

# ആരോഗ്യ മേഖലയിൽ കേരളം മുന്നിൽ : മുഖ്യമന്ത്രി പിണറായി വിജയൻ



ആധുനിക ചികിത്സാരീതി, ഉപകരണങ്ങൾ എന്നിവയുടെ ഗുണപരമായ മാറ്റത്തിലൂടെ എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുന്നതിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആലപ്പുഴ ജനറൽ ആശുപത്രിയിൽ 117 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച പുതിയ ഒ.പി. ബഹുനില മന്ദിരത്തിന്റെയും ഉപകരണ സംവിധാനങ്ങളുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കഴിഞ്ഞ സർക്കാർ ആരംഭിച്ച ആർദ്രം മിഷൻ വഴി ആരോഗ്യ മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. താലൂക്ക് ആശുപത്രി മുതൽ മെഡിക്കൽ കോളേജ് വരെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തി വരികയാണ്. ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ജീവിതശൈലി രോഗങ്ങൾ, മാനസികാരോഗ്യം, വയോജനാരോഗ്യം, പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നിവ മുൻനിർത്തി ക്യാമ്പയിൻ നടക്കുന്നു. സർക്കാർ ലാബുകളെ പരസ്പരം ബന്ധപ്പെടുത്തി മികച്ച രോഗ നിർണയം സാധ്യമാക്കുന്നുണ്ട്. നഗരപ്രദേശത്ത് 102 കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നു. പുതുതായി 93 നഗരപ്രദേശങ്ങളിലായി 380 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിച്ച് ഓൺലൈനായി സംസാരിച്ചു. എം ആർ ഐ സ്കാനിംഗ് സെന്ററിന്റെ ഉദ്ഘാടനം ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. സി.റ്റി സ്കാനിങ് സെന്ററിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിച്ചു. എച്ച്. സലാം എം.എൽ.എ സ്വാഗതം പറഞ്ഞ ചടങ്ങിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ., ജില്ലാ കളക്ടർ അലക്സ് വർഗീസ്, നഗരസഭ ചെയർപേഴ്സൺ കെ.കെ. ജയമ്മ , ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡേ, തുടങ്ങിയവർ സംസാരിച്ചു.

## എഡിറ്റോറിയൽ

### ജനകീയ ക്യാമ്പയിൻ ആവേശകരമായി പുരോഗമിക്കുന്നു



മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ ആദ്യഘട്ടം പിന്നിടുകയാണ്. ആശാവഹമായ പുരോഗതിയാണ് ക്യാമ്പയിനിലുടനീളം പ്രകടമാകുന്നത്. ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ ഇതിനകം കൈവരിച്ച നേട്ടങ്ങളും ശ്രദ്ധേയമായി. കേരളപ്പിറവി ദിനത്തിൽ സംസ്ഥാനത്ത് ഒട്ടേറെ ഹരിത പ്രഖ്യാപനങ്ങൾ നടന്നു. 2024 നവംബർ 8 ലെ സ്ഥിതി അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 18862 സ്ഥാപനങ്ങൾ / ഓഫീസുകൾ, 903 ടൗണുകൾ, 7041 വിദ്യാലയങ്ങൾ, 537 പൊതുസ്ഥലങ്ങൾ, 458 കലാലയങ്ങൾ, 68 വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവ ഹരിത പദവിയിലെത്തി. 55186 അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടങ്ങളായതും എടുത്തുപറയത്തക്ക നേട്ടമാണ്. 2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ 2025 മാർച്ച് 30 (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) വരെയാണ് ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്.

ക്യാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ മികച്ച ആസൂത്രണത്തോടെ പുരോഗമിക്കുകയാണ്. നവകേരളത്തിലേക്ക് പുതുതലമുറയുടെ ആശങ്ങൾ ഉൾപ്പെടുത്താനും മാലിന്യ സംസ്കരണത്തിൽ കുട്ടികൾക്ക് അവബോധം നൽകാനും ലക്ഷ്യമിട്ട് 1.67 ലക്ഷം കുട്ടികളെ പങ്കെടുപ്പിച്ച് ശിശുദിനത്തിൽ സംഘടിപ്പിക്കുന്ന ഹരിത സഭയും, നീർച്ചാലുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ അടുത്ത ഘട്ടവും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ ശുചീകരണവും ഹരിത സ്ഥാപനമാക്കുന്ന പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ളവ രണ്ടാം ഘട്ടത്തിലെ പ്രധാന പ്രവർത്തനങ്ങളാണ്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ജനകീയ പങ്കാളിത്തവുമാണ് പ്രവർത്തനങ്ങളുടെയെല്ലാം മുഖ്യ പ്രേരക ശക്തി.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## കേരളപ്പിറവി ദിനത്തിൽ വിവിധ ജില്ലകളിൽ ഹരിത പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ കൊല്ലം ജില്ലയിൽ മുനിസിപ്പൽ കോർപ്പറേഷനിലെ ഹരിത പ്രഖ്യാപനങ്ങളും സാക്ഷ്യപത്ര വിതരണവും മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു.

ഇടുക്കി ജില്ല മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രഖ്യാപനങ്ങളും സർട്ടിഫിക്കറ്റ് വിതരണവും മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. കൊല്ലം അലയമൺ ഗ്രാമപഞ്ചായത്തിലെ ഹരിത പ്രഖ്യാപനങ്ങൾ മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു. കോട്ടയം ജില്ലയിൽ കങ്ങഴ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച ശുചിത്വ ശൃംഖലയും ഹരിത സംഗമവും ഗവ. ചീഫ് വിപ്പ് ഡോ. എം. ജയരാജ് ഉദ്ഘാടനം ചെയ്തു.

കൊല്ലം പന്മന, തേവലക്കര ഗ്രാമപഞ്ചായത്തുകളിലെ ഹരിത വിദ്യാലയ, ഹരിത സ്ഥാപനങ്ങളുടെ പ്രഖ്യാപനങ്ങൾ ഡോ. സുജിത് വിജയൻപിള്ള



എം.എൽ.എ. നിർവഹിച്ചു. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രഖ്യാപനം പി.എസ്. സുപാൽ എം.എൽ.എ. നിർവഹിച്ചു.

എറണാകുളം ജില്ലയിൽ സ്വാപ്പ് ഷോപ്പ്/ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിന്റെയും ഹരിത അങ്കണവാടികളുടെയും പ്രഖ്യാപനം അനൂപ്




ജേക്കബ് എം.എൽ.എ. നിർവഹിച്ചു. കണ്ണൂർ നാറാത്ത് ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച ജനകീയ ക്യാമ്പയിൻ വിളംബര ഘോഷയാത്ര എം.എൽ.എ. കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ജില്ലയിൽ അടവി ഇക്കോ ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന്റെ ഉദ്ഘാടനം അഡ്വ. കെ.യു. ജനീഷ്കുമാർ എം.എൽ.എ. യും റാന്നി ഗ്രാമപഞ്ചായത്തിലെ ഹരിത അയൽക്കൂട്ട ഹരിത വിദ്യാലയ പ്രഖ്യാപനങ്ങൾ അഡ്വ. പ്രമോദ്



നാരായൺ എം.എൽ.എ യും നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്. ഉദ്ഘാടനം മാത്യു ടി. തോമസ് എം.എൽ.എ. യും നിർവഹിച്ചു.

തിരുവനന്തപുരം ജില്ലയിൽ വെള്ളറട ഗവ. യു.പി.എസ്. ഹരിത വിദ്യാലയ പ്രഖ്യാപനം സി. കെ. ഹരീന്ദ്രൻ എം.എൽ.എ. നിർവഹിച്ചു. തൃശൂർ ജില്ലയിൽ ഗുരുവായൂർ ക്ഷേത്രത്തെ ഹരിത തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ച ചടങ്ങ് എൻ.കെ. അക്ബർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അരിംമൂഴി ജംഗ്ഷൻ ഹരിത ടൂറിസം പ്രഖ്യാപനം



സനീഷ് കുമാർ എം.എൽ.എ. നിർവഹിച്ചു.കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നഗരസഭാ ഹരിത വിദ്യാലയം, ഹരിത സ്ഥാപനം പ്രഖ്യാപനങ്ങൾ കാനത്തിൽ ജമീല എം.എൽ.എ. നിർവഹിച്ചു. കാസർഗോഡ് ജില്ലയിൽ ഉദുമ ഗ്രാമപഞ്ചാത്തിലെ ഹരിത വിദ്യാലയ പ്രഖ്യാപനം സി.എച്ച്. കുഞ്ഞമ്പു എം.എൽ.എ.യും കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ഹരിത സ്ഥാപന പ്രഖ്യാപനം എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ.യും കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രഖ്യാപനം എം. രാജഗോപാലൻ എം.എൽ.എ.യും നിർവഹിച്ചു.

# ലൈഫ് ഭവനങ്ങളുടെ താക്കോൽ കൈമാറി

തിരുവനന്തപുരം ജില്ലയിലെ കാരോട് പഞ്ചായത്തിലെ ലൈഫ് ഭവനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനവും താക്കോൽ കൈമാറലും മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. ലൈഫ് ഭവനപദ്ധതിയിൽ 4,16,678 വീടുകൾ പൂർത്തീകരിച്ചതായി മന്ത്രി പറഞ്ഞു. പദ്ധതിയിൽ കേരളം 18,000 കോടിയിലധികം രൂപ ചെലവിട്ടു. 2000 കോടി രൂപ മാത്രമാണ് കേന്ദ്ര സംഭാവന. ഹരിതകർമസേനാംഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുവാൻ പഞ്ചായത്തുകൾ 100 ശതമാനം യൂസർഫീ കൈവരിക്കണമെന്നും അദ്ദേഹം പറഞ്ഞു. കെ ആൻസലൻ എംഎൽഎ അധ്യക്ഷനായി.



## കാണക്കാരി ഗവ. വി.എച്ച്.എസ്.എസ്. ന് പുതിയ കെട്ടിടം

അടച്ചുപൂട്ടാനൊരുങ്ങിയ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അവയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താൻ പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെയും വിദ്യാകിരണത്തിലൂടെയും സർക്കാരിന് കഴിഞ്ഞതായി സഹകരണ-തുറമുഖ-ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ. കോട്ടയം ജില്ലയിലെ കാണക്കാരി ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളിൽ 1.3 കോടി രൂപ ചെലവിൽ നിർമിച്ച ഇരുനില കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. കേരളത്തിന്റെ



വിദ്യാഭ്യാസ മേഖല മികവിന്റെ കേന്ദ്രമായി മാറുകയാണെന്നും മന്ത്രി പറഞ്ഞു. അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. അധ്യക്ഷത വഹിച്ചു.

## പ്രാഥമിക വിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യം ഭാവിയിലേക്കുള്ള നിക്ഷേപം: മന്ത്രി വി.ശിവൻകുട്ടി

പ്രാഥമിക വിദ്യാഭ്യാസത്തിന് നാം നൽകുന്ന പ്രാധാന്യം സംസ്ഥാനത്തിന്റെ ഭാവിയിലേക്കുള്ള നിക്ഷേപമാണെന്ന് പൊതുവിദ്യാഭ്യാസം, തൊഴിൽവകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ആലപ്പുഴ മുളക്കുഴ ഗ്രാമപഞ്ചായത്തിലെ കാരയ്ക്കാട് മുടിക്കുന്ന് ഗവ. എൽ. പി. സ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ശക്തമായ വിദ്യാഭ്യാസ അടിത്തറയാണ്



സമ്പന്നമായ ഒരു സമൂഹത്തിന്റെ ആണിക്കല്ലെന്ന് വിശ്വസിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയുമാണ് സർക്കാർ ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു.

മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ മേഖലയിലാണ് സർക്കാർ കൂടുതൽ പണം മുടക്കുന്നതെന്നും സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# സെന്റ് തെരേസാസ് കോളേജിന് ഗ്രീൻ ക്യാമ്പസ് സർട്ടിഫിക്കറ്റ് മന്ത്രി പി. രാജീവ് കൈമാറി

എറണാകുളം സെന്റ് തെരേസാസ് കോളേജിന് ഹരിതകേരളം മിഷന്റെ ഗ്രീൻ കാമ്പസ് സർട്ടിഫിക്കറ്റ് വ്യവസായ മന്ത്രി പി.രാജീവ് കൈമാറി. ഒക്ടോബർ 17 നു കോളേജിൽ നടന്ന ചടങ്ങിൽ സാക്ഷ്യപത്രം കോളേജ് ഡയറക്ടർ ഡോ. സിസ്റ്റർ വിനീത ഏറ്റു വാങ്ങി. ഹരിതപെരുമാറ്റചട്ടം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഊർജ്ജ സംരക്ഷണം എന്നീ മേഖലകളിൽ കോളേജ് നടത്തിവരുന്ന കാര്യക്ഷമവും മാതൃകാപരവു മായ പ്രവർത്തനങ്ങളുടെ




അടിസ്ഥാനത്തിലാണ് ഈ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്. ക്യാമ്പസ്സിനുള്ളിൽ എല്ലാ പരിപാടികളും ഹരിത ചട്ടം പാലിച്ചാണ് നടത്തുന്നത്. പ്ലാസ്റ്റിക്, പേപ്പർ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ചു ശേഖരിക്കാൻ കോളേജിനുള്ളിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിസ്ഥിതിസംരക്ഷണ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, തുണിസഞ്ചി നിർമാണത്തിൽ പരിശീലനം നൽകുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ കോളേജിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

# വേങ്ങൂർ പാണിയേലി പോര് ഇനി ഹരിത ടൂറിസം കേന്ദ്രം

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ ആദ്യ മാതൃകാ ഹരിത ടൂറിസം കേന്ദ്രമായി പണിയേലി പോര്. വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ പാണിയേലി പോരിനെ ഹരിത ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചു. പെരുമ്പാവൂർ എം.എൽ.എ എൽദോസ് കുന്നപ്പിള്ളി അധ്യക്ഷത വഹിച്ചു. തുടർന്ന് വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, വനം വകുപ്പ്, വനസംരക്ഷണ സമിതി, രാജഗിരി വിശ്വജ്യോതി കോളേജ് എന്നിവരുടെ സഹകരണത്തോടെ മെഗാ ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു.



# സംസ്ഥാനത്തെ ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലെ ഭൂജലപരിപോഷണം കൺസൽട്ടേറ്റീവ് ശില്പശാല സംഘടിപ്പിച്ചു

സംസ്ഥാനത്ത് ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിൽ ഏറ്റെടുക്കാൻ കഴിയുന്ന ജല സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദഗ്ധരുടെ കൺസൽട്ടേറ്റീവ് ശിൽപശാല ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. 2024 ഒക്ടോബർ 14ന് തിരുവനന്തപുരം കെ.സി. പിള്ള ഹാളിൽ നടന്ന ശില്പശാലയിൽ നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ സീമ ആമുഖ അവതരണം നടത്തി. കേന്ദ്ര ഭൂജല ബോർഡിന്റെ 2023 ലെ പഠനറിപ്പോർട്ട് അനുസരിച്ച് ജലക്ഷാമത്തിന്റെ കാര്യത്തിൽ കേരളത്തിൽ 9 ജില്ലകളിലായി മൂന്ന് ക്രിട്ടിക്കൽ ബ്ലോക്കുകളും 30 സെമിക്രിട്ടിക്കൽ ബ്ലോക്കുകളുമാണ് കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം ന്റെ സഹകരണത്തോടെ 427 തദ്ദേശസ്ഥാപനങ്ങളിൽ നിലവിൽ ജലബജറ്റ് പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കോഴിക്കോട്, കാസർഗോഡ്, വയനാട് ജില്ലകളിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും ജലബജറ്റ് പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലെ 18 ബ്ലോക്കുകളിൽ നിലവിൽ ജലബജറ്റ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ ജലബജറ്റ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിലെ ജലസംരക്ഷണ ഇടപെടൽ സാധ്യതകളെ കുറിച്ചുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ശില്പശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു. മറ്റ് ബ്ലോക്കുകളിൽ ജലബജറ്റ് പൂർത്തികരിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഇടപെടൽ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ശില്പശാലയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഹരിതകേരളം മിഷൻ



അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി അവതരിപ്പിച്ചു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടർ നിസാമുദ്ദീൻ ഐ.എ.എസ്, സ്റ്റേറ്റ് എൻവയോൺമെന്റ് അപ്രൈസൽ കമ്മിറ്റി ചെയർമാൻ ഡോ.അജയ കുമാർ വർമ്മ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് റിട്ട. സയന്റിസ്റ്റ് ഡോ.ജോൺ മത്തായി, ഐ.ഡി.ആർ.ബി ചീഫ് എൻജിനീയർ പ്രിയേഷ് ആർ, സി.ഡബ്ല്യൂ.ആർ.ഡി.എം റിട്ട.സീനിയർ സയന്റിസ്റ്റ് ഡോ.സി.എം.സുശാന്ത്, സി.ഡബ്ല്യൂ.ആർ.ഡി.എം സയന്റിസ്റ്റ് ഡോ. വിവേക് ബി., ഭൂജല വകുപ്പ് സീനിയർ ഹൈഡ്രോജിയോളജിസ്റ്റ് ഡോ. ലാൽ തോംസൺ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് റിട്ട.പ്രൊഫസർ ഡോ. ജയ് കിരൺ, ഐ.ഡി.ആർ.ബി. ഡയറക്ടർ ശ്രീദേവി, തിരുവനന്തപുരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പ്രിയ വി.പി., സി.ജി.ഡബ്യൂ.ബി. സയന്റിസ്റ്റ് അനു വി., ജലസേചനവകുപ്പ് അസിസ്റ്റന്റ് എൻജിനിയർമാരായ ബോണി വി. സാം, അഖിലേഷ് ജയൻ തുടങ്ങിയ വിദഗ്ധർ ശില്പശാലയിൽ പങ്കെടുക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്ക് വെക്കുകയും ചെയ്തു.

# ശിശു സൗഹൃദ ഗണിതശാസ്ത്ര പദ്ധതി - മഞ്ചാടി - രണ്ടാംഘട്ടത്തിലേക്ക്

ഗണിതത്തെ മെരുക്കാനും ആസ്വാദ്യകരമാക്കാനും ക്ലാസ് മുറികളിൽ മഞ്ചാടിയെത്തുന്നു. വിദ്യാകിരണമിഷനും എസ് എസ് കെ യും ചേർന്ന് എസ് സി ഇ ആർ ടി യുടെ പിന്തുണയോടെയാണ് മഞ്ചാടി പഠനരീതിയുടെ ക്ലാസ് റൂം പരീക്ഷണത്തിന് വേദിയൊരുക്കുന്നത്. കേരള സർക്കാരിന്റെ ഇന്നവേഷൻ വിഭാഗമായ കെ ഡിസ്കിന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിൽ ആരംഭിച്ച മഞ്ചാടി എസ്.സി.ഇ.ആർ.ടി. യുടെ വിലയിരുത്തലിനെ തുടർന്നാണ് സംസ്ഥാനത്തെ 100 സ്കൂളുകളിൽ നടപ്പിലാക്കുന്നത്.



അഞ്ചാം തരം ഗണിതത്തിലെ ഭിന്നസംഖ്യകൾ എന്ന ആശയം നിർദ്ദേശിക്കപ്പെട്ട പഠനസമയത്തിനുള്ളിൽ കുട്ടികളിൽ ഉറപ്പാക്കാനാണ് തുടക്കത്തിൽ പദ്ധതി വിഭാവനം ചെയ്തത്. ആദ്യഘട്ട വിലയിരുത്തലിൽ പദ്ധതിയുടെ മികവ് തിരിച്ചറിഞ്ഞതോടെയാണ് പഠനരീതി ക്ലാസ് മുറി പരീക്ഷണം രണ്ടാം ഘട്ടത്തിലേക്ക് നീങ്ങുന്നത്.

രണ്ടാംഘട്ടത്തിലെ സംഖ്യാധാരണയിലൂന്നിയ പദ്ധതിയുടെ പരിശീലനത്തിനായി മൂന്ന് ക്ലസ്റ്ററുകളിൽ ശില്പശാലകൾ സംഘടിപ്പിച്ചു.

ഗവേഷണ സ്വഭാവത്തിൽ വിദ്യാലയങ്ങളിൽ നടക്കുന്ന പദ്ധതിയ്ക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കുള്ള പരിശീലനങ്ങൾക്ക് വിദ്യാകിരണം മിഷൻ സംസ്ഥാന അസി. കോ ഓർഡിനേറ്റർ ഡോ. സി രാമകൃഷ്ണൻ നേതൃത്വം നൽകി.

# വടക്കേക്കാട് ഗ്രാമപഞ്ചായത്ത് മാലിന്യമുക്തമാകുന്നു

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത പഞ്ചായത്ത് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന 50% ഓഫീസുകളും 50 % വിദ്യാലയങ്ങളും 10% അയൽക്കൂട്ടങ്ങളും ഒരു കവലയും ഹരിത പദവി കൈവരിച്ചു. ഹരിത സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജിൻസി ബാബു അധ്യക്ഷത വഹിച്ച യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നബീൽ ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ റഷീദ് സ്വാഗതം പറഞ്ഞു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ രാജി, വി.ഇ.ഒ. രഘുനാഥൻ എന്നിവർ പദ്ധതിയുടെ വിശദീകരണം നൽകി.



# മേലില ഗ്രാമപഞ്ചായത്തിൽ ജനകീയ ശുചീകരണം



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിലെ ചെത്തടി തോട്, റോഡ് തുടങ്ങിയവ ജനകീയ പങ്കാളിത്തത്തോടെ ശുചീകരിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

# മലപ്പട്ടത്ത് ആറ് ഹരിത വിദ്യാലയങ്ങൾ

കണ്ണൂർ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ഒരു ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെടെ ആറ് സ്കൂളുകൾക്ക് ഹരിത വിദ്യാലയ പദവി. പ്രഖ്യാപനം അസിസ്റ്റന്റ് കലക്ടർ സായി കൃഷ്ണ ഗ്രാമെ IAS നിർവഹിച്ചു. എ. കുഞ്ഞിക്കണ്ണൻ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ചൂളിയാട് എ.എൽ.വി.സ്കൂൾ, കൊളന്ത എ.എൽ.പി സ്കൂൾ, മാപ്പിള എ.എൽപി സ്കൂൾകാപ്പാട്ടുകുന്ന്, ആർ. എൽ പി. സ്കൂളുകൾ, പൂക്കണ്ടം ആർ.ജി. എം. യു.പി. സ്ക്കൂൾ എന്നീ . സ്കൂളുകൾക്കാണ് ഹരിത വിദ്യാലയ പദവി നൽകിയത്. വിദ്യാലയങ്ങളിലെ അടിസ്ഥാന മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ മികവ്, ഹരിത പ്രോട്ടോകോൾ പാലനം, വലിച്ചെറിയൽ മുക്ത പരിസരം, ജൈവ പച്ചക്കറി കൃഷി, പച്ചതുരുത്ത്, ജൈവ വൈവിധ്യ പരിപാലനം, ഊർജ സംരക്ഷണം, കുട്ടികളിലെ ശീലവൽക്കരണം തുടങ്ങിയവ മാനദണ്ഡമാക്കി വിലയിരുത്തൽ നടത്തിയാണ് വിദ്യാലയങ്ങൾക്ക് ശുചിത്വ പദവി നൽകിയിട്ടുള്ളത്. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായാണ് ഹരിത പദവി സമ്മാനിക്കുന്നത്.



## പുല്ലമ്പാറ പഞ്ചായത്തിന് ദേശീയ ജല പുരസ്കാരം

മികച്ച ഗ്രാമ പഞ്ചായത്തിനുള്ള ദേശീയ ജല അവാർഡ് തിരുവനന്തപുരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിച്ചു. വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ പുല്ലമ്പാറ പഞ്ചായത്ത് പ്രസിഡന്റ് പി.വി. രാജേഷ്, സെക്രട്ടറി പി. സുനിൽ എന്നിവർ രാഷ്ട്രപതിയിൽ നിന്ന് ഉപഹാരം സ്വീകരിച്ചു. നീരുറവ്, മികവ്, സജലം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിലെ വിവിധ ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ചതിനാണ് അവാർഡ്. 'പരിസ്ഥിതി പുനഃസ്ഥാപനത്തിനായുള്ള ജനകീയ കൂട്ടായ്മ ' എന്നതായിരുന്നു പ്രകൃതി സംരക്ഷണത്തിന് പഞ്ചായത്ത് നൽകിയ ആപ്തവാക്യം.

ഹരിതകേരളം മിഷന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് നീർത്തട വികസന പദ്ധതി ഒരുക്കിയത്. ജില്ലാ എൻജിനിയർ ദിനേശ് പപ്പൻ,കാർ



ഷിക വിദഗ്ധൻ പ്രശാന്ത്, ജി ഐ എസ് വിദഗ്ധൻ ഡോ.ഷൈജു കൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗം സാങ്കേതിക ജീവനക്കാരാണ് നീരുറവ് എന്ന നീർത്തട മാസ്റ്റർ പ്ലാൻ തയാറാക്കിയത്.

## ആലംകോട് ഗ്രാമപഞ്ചായത്തിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കമായി

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ആലംകോട് പഞ്ചായത്തും, അസ്സബാഹ് കോളേജ്



എൻഎസ്എസ് യൂണിറ്റും സംയുക്തമായി അസ്സബാഹ് കോളേജിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. ഷഹീർ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. അസ്സബാഹ് കോളേജ് എൻ.എസ്. എസ്. പ്രോഗ്രാം ഓഫിസർ അബ്ദുൽ റഹ്മാൻ പി. സ്വാഗതം പറഞ്ഞ ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ എം എൻ മുഹമ്മദ് കോയ അധ്യക്ഷത വഹിച്ചു. നിലവിൽ 10 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് ഒരുക്കിയിരിക്കുന്നത്. പലവൃക്ഷ തൈകളായ റംബൂട്ടാൻ, ചാമ്പ, അരിനെല്ലി, മാവ്, പ്ലാവ്, സീതപഴച്ചെടി തുടങ്ങിയ 25 തൈകളാണ് നട്ടിരിക്കുന്നത്.

## തെങ്ങിന് തടം മണ്ണിന് ജലം പദ്ധതി

### വടകര നഗരസഭയിലെ കൊക്കഞ്ഞാത്തിൽ

മണ്ണ്, ജലസംരക്ഷണം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ നടപ്പിലാക്കുന്ന തെങ്ങിന് തടം മണ്ണിന് ജലം പദ്ധതി കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിലെ വാർഡ് 29 ൽ നടപ്പിലാക്കുന്നു. പദ്ധതിയുടെ ഉദ്ഘാടനം നവംബർ 9ന് കൊടുവാട്ട് പ്രഭാകരന്റെ വീട്ടുപറമ്പിലെ തെങ്ങിന് തടമെടുത്തുകൊണ്ട് കൗൺസിലർ പി.കെ. സതീശൻ മാസ്റ്റർ നിർവഹിച്ചു.

തുലാവർഷ മഴയെ പരമാവധി തെങ്ങിൻതടത്തിലൂടെ സംഭരിച്ച് ഭൂഗർഭജലസ്രോതസ്സ് വിതാനം ഉയർത്തുക, തെങ്ങ് കൃഷിയെ പരിപോഷിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വരും വർഷങ്ങളിൽ തുലാവർഷത്തിന് മുമ്പ് വാർഡിന്റെ ജലസംരക്ഷണത്തിനുള്ള പ്രധാന മാർഗ്ഗമായി തെങ്ങിന് തടം മണ്ണിനു ജലം പദ്ധതി വ്യാപിപ്പിക്കുമെന്ന് ഉദ്ഘാടനത്തോടനുബന്ധിച്ച് കൗൺസിലർ അറിയിച്ചു. സമ്പൂർണ്ണ ഹരിത അയൽക്കൂട്ടം, സമ്പൂർണ്ണ മാലിന്യമുക്ത വാർഡ് എന്നീ പ്രവർത്തനം നടത്തി നെറ്റ് സീറോ കാർബൺ വാർഡ് എന്ന ലക്ഷ്യം നേടാനാണ് തീവ്രശ്രമം.



## വിശ്രമകേന്ദ്രവും ഓർഗാനിക് വേസ്റ്റ് കൺവെർട്ടറിന്റെ ഉദ്ഘാടനവും

പാലക്കാട് ഒറ്റപ്പാലം നഗരസഭയുടെ ഹരിത കർമസേനാംഗങ്ങൾക്കുള്ള വിശ്രമകേന്ദ്രവും ഓർഗാനിക് വേസ്റ്റ് കൺവെർട്ടറിന്റെ ഉദ്ഘാടനവും പനമണ്ണ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നഗരസഭ ചെയർപേഴ്സൺ കെ. ജാനകി ദേവി നിർവഹിച്ചു. നഗരസഭ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ




ഫൗസിയ ഹനീഫ അധ്യക്ഷത വഹിച്ച ചടങ്ങിൽ ക്ലീൻ സിറ്റി മാനേജർ ഇ.പി. വിസ്മൽ സ്വാഗതം പറഞ്ഞു. നഗരസഭാ സെക്രട്ടറി പ്രദീപ് എ.എസ്. റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭാ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ശുചീകരണ തൊഴിലാളികൾ, ഹരിത കർമസേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ഗ്രീൻ ബ്രിഗേഡിന്റെ നേതൃത്വത്തിൽ ഓർമ മരം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ ആരംഭിച്ച ഓർമ മരങ്ങൾ നടുന്ന പ്രവർത്തനം പായം പഞ്ചായത്തിലെ ഇ.എം.എസ്. മെമ്മോറിയൽ കോളേജ്



ഓഫ് അപ്ലൈഡ് സയൻസിൽ രൂപീകരിച്ച ഗ്രീൻ ബ്രിഗേഡിന്റെ നേതൃത്വത്തിൽ നടന്നു. കോളേജുകളെ ഹരിത ക്യാമ്പസ് ആക്കി മാറ്റുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. കോളജിൽ ഗ്രീൻ ബ്രിഗേഡ് രൂപീകരിച്ചതിന്റെ ഓർമ്മയ്ക്കായിട്ടാണ് ഓർമ മരം നട്ടത്. പായം പഞ്ചായത്ത് പ്രസിഡന്റ് പി. രജനി തൈ നട്ട് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ സുഭാഷ് രാജൻ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ മുഖ്യാതിഥി ആയിരുന്നു.

## മീനച്ചിൽ പഞ്ചായത്തിൽ

### ജലഗുണനിലവാര പരിശോധനാ ലാബ്

ഹരിതകേരളം മിഷന്റെയും ആർ.കെ.ഐ.യുടെയും സഹകരണത്തോടെ കോട്ടയം മീനച്ചിൽ പഞ്ചായത്തിലെ വിളക്കുമാടം സെന്റ് ജോസഫ് എച്ച്.എസ്.എസ്.ൽ ജലഗുണനിലവാര പരിശോധനാ ലാബ് സ്ഥാപിച്ചു. ലാബിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് മെമ്പർ രാജേഷ് വാളിപ്ലാക്കൽ നിർവഹിച്ചു. സ്കൂൾ മാനേജർ ഫാദർ ജോർജ് മണ്ണുകുശുമ്പിൽ അധ്യക്ഷനായി. മീനച്ചിൽ പഞ്ചായത്ത് പ്രസിഡന്റ് സജോ പൂവത്താണി, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പുന്നൂസ് പോൾ, സ്കൂൾ പി.ടി.എ പ്രസിഡണ്ട് ജോയ് ഈറ്റത്തോട്ട്, തുടങ്ങിയവർ സംസാരിച്ചു.

## ബസ് സ്റ്റാൻഡുകളിൽ ശുചിത്വ ഹരിതവല്ക്കരണം

കണ്ണൂർ ജില്ലയിലെ ബസ്സ്റ്റാൻഡുകളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച അവസ്ഥാ പഠനം സംഘടിപ്പിക്കും. ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്നാണ് അവസ്ഥാ പഠനം സംഘടിപ്പിക്കുന്നത്. മൂന്ന് കെ.എസ്. ആർ. ടി. സി.സ്റ്റാൻഡുകളും 30 തദ്ദേശ ഭരണ സ്ഥാപന ഉടമസ്ഥതയിലുള്ള ബസ് സ്റ്റാൻഡുകളുമാണ് ജില്ലയിലുള്ളത്. ബസ് സ്റ്റാൻഡുകളുടെ ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങൾ, അവയുടെ പരിപാലനം ,ബസ് സ്റ്റാൻഡുകളിലെ മലിന ജല സംസ്കരണ സംവിധാനങ്ങൾ , ബസ്സ്റ്റാൻഡ് സൗന്ദര്യവല്ക്കരണം തുടങ്ങിയ കാര്യങ്ങളാണ് അവസ്ഥാ പഠനത്തിൽ ഉൾപ്പെടുക.

ജില്ലയിലെ കോളേജുകളിൽ രൂപീകരിച്ച ഗ്രീൻ ബ്രിഗേഡ് ടീമുകളെയും എൻ.എസ് എസ് ടീമുകളെയും പങ്കെടുപ്പിച്ചാണ് അവസ്ഥാ പഠനം നടത്തുക.

## ചീമേനിയിൽ ശുചിത്വ സന്ദേശ പദയാത്ര

കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി ശുചിത്വ സന്ദേശ പദയാത്ര നടത്തി. ചീമേനി സർവ്വീസ് സഹകരണ ബാങ്ക് പരിസരത്തുനിന്നും ആരംഭിച്ച ചടങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇൻ ചാർജ് എം. ശാന്ത ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശശിധരൻ പി., വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അജിത് കുമാർ എ.ജി., ആസൂത്രണ സമിതി ഉപാധ്യക്ഷൻ പി. കുഞ്ഞിക്കണ്ണൻ, വിവിധ രാഷ്ട്രീയ പാർട്ടിപ്രതിനിധികൾ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് സെക്രട്ടറി കെ. രമേശൻ സ്വാഗതവും കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ രജിത ആർ. നന്ദിയും പറഞ്ഞു.






വയനാട് ജില്ലയിലെ മുള്ളൻകൊല്ലി പഞ്ചായത്തിലെ പാടിചിറ കുടുംബരോഗ്യ കേന്ദ്രത്തോടനുബന്ധിച്ചു നിർമിച്ച പച്ചത്തുരുത്ത്. നിലവിൽ 45 തൈകൾ ഉണ്ട്.

## കണ്ണൂർ സെൻട്രൽ ജയിലിൽ ഹരിത കർമസേന

അജൈവ മാലിന്യ ശേഖരണത്തിന് ഹരിത കർമസേന രൂപീകരിക്കുന്ന സംസ്ഥാനത്തെ ആദ്യ ജയിലായി മാറുകയാണ് കണ്ണൂർ സെൻട്രൽ ജയിൽ. ഹരിത സ്പർശം എന്ന പേരിലുള്ള ഈ പദ്ധതിയിൽ സെൻട്രൽ ജയിലിലെ ഓരോ ബ്ലോക്കിൽ നിന്നുമായി ആകെ 12 അന്തേവാസികളെ ഉൾപ്പെടുത്തിയാണ് ഹരിത കർമസേന രൂപീകരിക്കുന്നത്. അജൈവ മാലിന്യ സംസ്കരണത്തിൽ ഇവർക്ക് പരിശീലനം നൽകും. ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ സേനയ്ക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കും. മാലിന്യ സംസ്കരണത്തിന് ആവശ്യമായ വിവിധ ഉൽപന്നങ്ങളുടെ നിർമ്മാണവും സെൻട്രൽ ജയിലിൽ ആരംഭിക്കുന്നുണ്ട്. ഹരിത ജയിലാക്കി മാറ്റുന്നതിനായി മുല്ലപ്പൂ കൃഷി,ശലഭോദ്യാനം,നാടൻ മാവുകളുടെ ജീൻബാങ്ക്,മലിന ജല സംസ്കരണ പ്ലാന്റ് എന്നിവയും ഹരിത സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

# എന്റെ പാത്രം നിന്റെ കണ്ണാടി



Reduce Recycle Reuse എന്നതാണല്ലോ മൂന്ന് R കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ R പഠിപ്പിക്കാൻ മുന്നോട്ടുവരികയാണ് കണ്ണൂർ ചപ്പാരപ്പടവിലുള്ള അംഗൻവാടിയിലെ 38 കുരുന്നുകൾ. ഏവരും കണ്ടു പഠിക്കേണ്ടതായ ഒരു ശീലമാണ് ഈ കുഞ്ഞുമക്കൾ നമുക്ക് കാണിച്ചു തരുന്നത്. ഭക്ഷണം കഴിച്ചാൽ പാത്രം കണ്ണാടിപോലെ ആയിരിക്കണം എന്നതാണ് ഈ കുഞ്ഞുങ്ങളുടെ ശീലം. അതിനകത്ത് ഭക്ഷിക്കേണ്ടതായ വസ്തുക്കൾ ഒന്നും തന്നെ ബാക്കി വെക്കാൻ പാടില്ല. ആ പാത്രത്തിലേക്ക് ഒന്ന് നോക്കിയാൽ അത് കണ്ണാടി പോലെ തിളങ്ങണം. അതൊരു പ്രതീകമാണ്. മാലിന്യങ്ങളുടെ അളവ് കുറച്ച് കൊണ്ട് വരിക Reduce എന്നതാണ് ഉദ്ദേശിക്കുന്നത്. ഓരോ കുട്ടിയും ഭക്ഷണം കഴിച്ചതിനുശേഷം തന്റെ പാത്രം തൊട്ടടുത്തിരുന്ന കുട്ടിക്ക് കാണിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്.

# സമ്പൂർണ്ണ ഹരിതഭവന പഞ്ചായത്താകാനൊരുങ്ങി ഉടുമ്പന്നൂർ




സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ വീടുകളെയും ഹരിത ഭവനങ്ങളാക്കാനൊരുങ്ങി ഇടുക്കി ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്. എല്ലാ വീടുകളിലും ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയും അജൈവ മാലിന്യങ്ങൾ കൈമാറാൻ ഹരിത കർമസേനയുടെ 100 ശതമാനം സേവനം ഉറപ്പാക്കിയുമാണ് ഹരിത ഭവനങ്ങളായി മാറുക.

ഇതിനായി വാർഡ്തലത്തിൽ 50 വീടുകൾക്ക് ഒരു ക്ലസ്റ്റർ വീതം രൂപികരിച്ച് വീടുകളെ പ്രത്യേകമായി ഗ്രേഡേഷന് വിധേയമാക്കും. കണ്ടെത്തുന്ന കുറവുകൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികളുടെ സഹായത്തോടെ പരിഹരിക്കും. പഞ്ചായത്ത് പരിധിയിലുള്ള വിവിധ സംഘടനങ്ങളുടെ പ്രത്യേക യോഗങ്ങൾ വിളിച്ച് ചേർത്ത് സംഘടനാ അംഗങ്ങളുടെ ഭവനങ്ങൾ ഹരിത ഭവനങ്ങളാക്കുവാനുള്ള പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുക്കും. മാനദണ്ഡങ്ങൾ എല്ലാം പൂർത്തീകരിച്ച് പുതുവർഷ ദിനത്തിൽ എല്ലാ വീട്ടുകളേയും ഹരിതഭവനങ്ങളായി പ്രഖ്യാപിക്കും. ഹരിതഭവന പ്രഖ്യാപനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ചേർന്ന ആലോചനാ യോഗം പ്രസിഡന്റ് എം. ലതിഷ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ആതിര രാമചന്ദ്രൻ അദ്ധ്യക്ഷയായി.

# വലിയപറമ്പ ഗ്രാമപഞ്ചായത്തിന് അന്താരാഷ്ട്ര അംഗീകാരം

## ലോക്കൽ ലീഡർ പുരസ്കാരം പ്രസിഡന്റ് വി.വി. സജീവന്

ദുരന്ത ലഘൂകരണവും കാലാവസ്ഥാ വ്യതിയാനവും മുൻനിർത്തി കാസർഗോഡ് വലിയപറമ്പ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം. 2024 ഒക്ടോബറിൽ ഫിലിപ്പൈൻസിലെ മനിലയിൽ നടന്ന ഏഷ്യാ പസഫിക് മിനിസ്റ്റീരിയൽ കോൺഫറൻസ് ഓൺ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ സമ്മേളനത്തിൽ ലോക്കൽ ലീഡർ ചാമ്പ്യൻ പുരസ്കാരവും പ്രശംസാപത്രവും വലിയപറമ്പ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി. സജീവൻ യുണൈറ്റഡ് നേഷൻസ് ഓഫീസ് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ഏഷ്യാ പസഫിക് അസോസിയേറ്റ് പ്രോഗ്രാം ഓഫീസറായ സുനൈസോഹോയിൽ നിന്നും ഏറ്റുവാങ്ങി. പ്രാദേശിക തലത്തിൽ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നവരെ ലോക ശ്രദ്ധയിൽ



കൊണ്ടുവരാൻ നടത്തിയ മത്സരത്തിലാണ് വി.വി. സജീവനെ ലോക്കൽ ലീഡർ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. യുനെസ്കോ നടപ്പിലാക്കുന്ന സുനാമി റെഡി പദ്ധതിയിലേക്കും വലിയപറമ്പ ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246